MAY 2023 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. തൂമന്ദസ്മിതരുചിയൊന്നുപോലെ തൂവും – ഒരേപോലെ തൂവുന്നത് എവിടെയെല്ലാം?

2. ഭദ്രേ ഭവതിക്കു സമ്മതം താനല്ലീ
ഭക്തനാമെന്നുടെ ദേവീപദം – ആര് ആരോടാണ് ഇങ്ങനെ ചോദിക്കുന്നത്? ഏതു സന്ദർഭത്തിൽ?

3. കൊതിച്ചാലാക്കാതലിലുളി നടത്തീടുവാനാവില്ലല്ലോ – ഇങ്ങനെ ചിന്തിക്കുന്നതിനു കാരണമെന്ത്?

4. വീട്ടിലേക്കൊന്നിനിപ്പോയി വരുവാൻ മുതിരുന്നു മാനസം – കവിയെ ഇങ്ങനെ തോന്നിക്കുന്നതിനു കാരണമെന്ത്?

5. കലികയറിക്കമ്പിതയായംബിക നിന്നിടത്ത് ഇന്ന് ഞങ്ങൾ കാത്തുനിൽക്കുന്നത് എങ്ങനെയാണ്?

6. രണ്ടാമൻ തിന്നപ്പെടുന്നു - ആരാണിത്?

7. മകന്റെ നോട്ടം എങ്ങനെയാണെന്ന് കവി പറയുന്നു?

8. നക്ഷത്രമാലകളാടുമോ മീതേ – എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

9. തടവുകാരനായ്ത്തീർന്നവനാണു ഞാൻ! – എന്തുകൊണ്ട്?

10. നിരസിച്ചുദ്ധതമെന്റെ കരുത്തിലുറച്ചേ പൊരുതുന്നു – നിരസിച്ചതെന്ത്? എപ്പോൾ?

11. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

12. എത്ര ദുർബലനായ വേടൻ - പൊരുളെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിത ഏതുതരം വേവലാതികളെക്കുറിച്ചാണ് പറയുന്നത്?

14. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

15. ഭാരതത്തിൽ നിലനിന്നിരുന്ന മതസൗഹാർദ്ദത്തെ എടുത്തുകാണിക്കുന്ന കൃതിയാണ് ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി – വിലയിരുത്തുക.

16. ഇടപ്പള്ളിയുടെ കവിതകളുടെ സവിശേഷതകൾ മണിനാദത്തിൽ കാണാം – വിശദമാക്കുക.

17. 'സർവേ ഓഫ് ഇന്ത്യ'യിലെ പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയെ തീക്ഷ്ണസൗന്ദര്യമുള്ളതാക്കുന്നു – ചർച്ച ചെയ്യുക.

18. കളിയച്ഛൻ എന്ന കവിത പശ്ചാത്താപം, പാപബോധം എന്നിവയെ ചൂണ്ടിക്കാണിക്കുന്നു – പരിശോധിക്കുക.

19. ഗജേന്ദ്രമോക്ഷം അഹന്ത മൂലമുണ്ടാകുന്ന ആപത്തിനെയാണ് കാണിക്കുന്നത് – ശരിയോ? അഭിപ്രായമെഴുതുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. സമകാലികകവിതകൾ ഏറ്റവും പുതിയ വിഷയങ്ങളിലാണ് ഇടപെടുന്നത് – സ്വാഭിപ്രായം സമർത്ഥിക്കുക.

21. ജീവിതത്തിലെ രണ്ട് വ്യത്യസ്ത വേഷങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന ആത്മസംഘർഷത്തെ കവിതയിലൂടെ ജി. വെളിപ്പെടുത്തുന്നുണ്ടോ? വിശദമായി ചർച്ച ചെയ്യുക.

22. ദാർശനികവിഷയങ്ങളാണ് കാവിലെ പാട്ടിൽ കാണാനാവുക – ഉപന്യസിക്കുക.

23. കാവ്യകല കവിതയെക്കുറിച്ചുതന്നെയാണ് – വിലയിരുത്തുക.

24. മലയാളത്തിലെ പുതിയ കവിതകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഏറെയും ആത്മനിഷ്ഠമാണ് എന്ന വാദം ശരിയോ? വിമർശനാത്മകമായി പ്രതികരിക്കുക.

———————